## മധുരമായ കുട്ടികളേ – തന്റെ ഉന്നതിയ്ക്കു വേണ്ടി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കൂ, ജ്ഞാനരത്നങ്ങളെ ദാനം ചെയ്ത് സദാ തന്റെയും മറ്റുള്ളവരുടെയും മംഗളത്തിന് നിമിത്തമാകൂ.

**ചോദ്യം** – ഈശ്വരീയ സേവനം ചെയ്യുന്നതിനായി ഏതൊരു ഗുണം ഉണ്ടോകേണ്ടത് അത്യാവശ്യമാണ്? സേവനം ചെയ്യുന്ന കുട്ടികളിൽ ഏതു തരം വിചാരമുണ്ടാകാൻ പാടില്ല?
**ഉത്തരം** – ഈശ്വരീയ സേവനത്തിനായി സ്വഭാവം വളരെയധികം മധുരമായിരിക്കണം. ക്രോധത്തിൽ വന്ന് ആരെയെങ്കിലും കണ്ണുരുട്ടുകയാണെങ്കിൽ വളരെ പേർക്ക് നഷ്ടം സംഭവിക്കുന്നു. സേവാധാരി കുട്ടികളിൽ അഹങ്കാരമോ ക്രോധമോ തീർത്തും ഉണ്ടാകാൻ പാടില്ല. ഈ വികാരമാണ് വളരെയധികം വിഘ്നരൂപമായിത്തീരുന്നത്. പിന്നീട് മായ പ്രവേശിച്ച് പല കുട്ടികളെയും സംശയബുദ്ധികളാക്കി മാറ്റുന്നു. ഈശ്വരീയ സേവനം ചെയ്യുന്നതിനു വേണ്ടി, ജോലി ഉപേക്ഷിച്ച് സേവനത്തിൽ മുഴുകണമെന്ന ചിന്ത പാടില്ല. അഥവാ ജോലിയും ഉപേക്ഷിച്ച് ഈ സേവനവും ചെയ്യുന്നില്ലെങ്കിൽ വളരെയധികം പാപഭാരം വർദ്ധിക്കുന്നു.

**ഗീതം** – ഓം നമശിവായ......

**ഓംശാന്തി**. ഭക്തർ ഓം നമശിവായ എന്നു പറയുമ്പോൾ ശിവലിംഗത്തെയും ശിവന്റെ ക്ഷേത്രത്തെയും ഓർമ്മിക്കുന്നു. നമ: എന്നു പറഞ്ഞ് പൂജിക്കുന്നു. അത് ഭക്തിയാണ്. നമ്മൾ ശിവനെ മാതാ പിതാവെന്നു പറയുന്നുണ്ടെങ്കിലും ചിത്രത്തെയല്ലല്ലോ പറയുന്നത്. ആ ശിവബാബയാണ് പഠിപ്പിക്കുന്നതെന്ന് നിങ്ങൾക്കറിയാം. രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. എന്നാൽ ഇത് ലോകത്തിലുള്ളവർക്ക് അറിയില്ല. നിരാകാരനായ ശിവബാബ വന്ന് പാഠശാലയിൽ പഠിപ്പിക്കുന്നു. എന്താണ് പഠിപ്പിക്കുന്നത്? സഹജ രാജയോഗവും ജ്ഞാനവും. ക്രിസ്തുവിന്റെ പുസ്തകമുണ്ടല്ലോ, ക്രിസ്തു നൽകിയ ജ്ഞാനമാണ് ബൈബിളാക്കിയിരിക്കുന്നത്. ഇവിടെ ശിവപുരാണമുണ്ടെങ്കിലും അത് മറ്റൊരാളാണ് തയ്യാറാക്കിയത്. വാസ്തവത്തിൽ സത്യമായ ശിവപുരാണം ഗീതയാണ്. ബാബയാണ് ഇത് നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നത്. ശിവബാബ മനസ്സിലാക്കിത്തരുന്നതെല്ലാം നിങ്ങൾക്ക് പിന്നീട് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണം. ശിവന്റെ ജന്മത്തെക്കുറിച്ചും കേൾപ്പിക്കുന്നുണ്ട്. ശിവപുരാണമെന്ന് ഗീതയെ ആണോ പറയുക അതോ ശിവപുരാണത്തെ തന്നെയാണോ? രണ്ടെണ്ണമുണ്ടാകില്ലല്ലോ. ഭാരതത്തിന്റെ ധർമ്മ ശാസ്ത്രം ഒന്നു മാത്രമായിരിക്കണം. ധർമ്മം സ്ഥാപിക്കുന്നവരുടെ ജീവിതകഥയാണുണ്ടാക്കുന്നത്. ഇവർ ഇന്നതെല്ലാം കേൾപ്പിച്ചു തന്നു. ക്രിസ്തുവും ജ്ഞാനം കേൾപ്പിച്ചിട്ടുണ്ടാകും അതിനെയാണ് ബൈബിളാക്കിയിട്ടുണ്ടാവുക. അപ്പോൾ ആ പുരാണത്തിൽ വളരെയേറെ കഥകളുണ്ട്. ബാബ കുട്ടികൾക്കാണ് കഥ കേൾപ്പിച്ചു കൊടുത്തത്. എന്നാൽ പാർവ്വതിയുടെ പേരാണ് വെച്ചിരിക്കുന്നത്. അതിൽ പവിത്രതയുടെ പ്രതിജ്ഞ ചെയ്യിച്ചതായി കാണിച്ചിട്ടില്ല. ശിവപുരാണത്തിൽ മന്മനാഭവ എന്ന വാക്കില്ലല്ലോ. ശിവപുരാണം തന്നെ വേറെയാണ്. ബാബ പറയുന്നത് ശ്രീമത് ഭഗവത്ഗീതയാണ്. ഭഗവാൻ ഒന്നാണെന്ന് തെളിയിക്കണം. ഭഗവാന്റെ പേര് ശിവൻ എന്നാണ്. ഭക്തിമാർഗ്ഗത്തിലെ ഗീത കൃഷ്ണപുരാണമായിത്തീരും. വാസ്തവത്തിൽ കൃഷ്ണൻ പതിതപാവനനല്ലല്ലോ. ശിവബാബയാണ് പതിതപാവനൻ. ഭാരതത്തിന്റെ ധർമ്മശാസ്ത്രമാണ് ഗീത. എല്ലാവരും ശിവപുരാണത്തെ അംഗീകരിക്കില്ല. ഗീതയിലൂടെയാണ് ദേവീദേവതാധർമ്മത്തിന്റെ സ്ഥാപനയുണ്ടായത്. അത് ശിവന് മാത്രമേ ചെയ്യാൻ സാധിക്കൂ. കൃഷ്ണൻ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകുന്നുണ്ട്. ശിവനും കൃഷ്ണനും തമ്മിൽ ധാരാളം വ്യത്യാസമുണ്ട്. കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു, ആരാണോ മനസ്സിലാക്കുന്നത് അവരുടെ കടമയാണ് അലൗകിക സേവനം ചെയ്യുകയെന്നത്. സന്തോഷമുണ്ടായിരിക്കണം. അളവറ്റ ഖജനാക്കൾ ലഭിക്കുന്നുണ്ടെങ്കിൽ അതിനെ ദാനം ചെയ്യണം. ബാബയുടെ പരിചയം നൽകുക എന്നത് വളരെ എളുപ്പമാണ്. ഭക്തർ ഭഗവാനെ ഓർമ്മിക്കുന്നു. ഭഗവാൻ വന്ന് ഫലം നൽകുന്നു. എന്ത് ഫലമാണ്? ഭഗവാൻ നൽകുന്നത് ജീവിതമുക്തി തന്നെയാണ്. കൃഷ്ണനെ ഒരിക്കലും സർവ്വരുടെയും സദ്ഗതി ദാതാവെന്നു പറയില്ല, ഇത് പരമപിതാവായ പരമാത്മാവിന്റെ മഹിമയണ്. പരമാത്മാവ് നിരാകാരനാണെന്നുള്ളത് നിങ്ങൾക്കറിയാം. കൃഷ്ണനെ ഒരിക്കലും പരമാത്മാവെന്നു പറയില്ല. കൃഷ്ണനൊരിക്കലും സർവ്വാത്മാക്കളുടെയും പിതാവായിത്തീരാൻ സാധിക്കില്ല. സർവ്വാത്മാക്കളുടെയും പിതാവെന്ന മഹിമ പരമപിതാ പരമാത്മാവിന്റെതു മാത്രമാണ്. കുട്ടികൾക്ക് നല്ല രീതിയിൽ ബാബയുടെ പരിചയം നൽകണം. മറ്റുള്ളവർ ഈശ്വരനെക്കുറിച്ച് സർവ്വവ്യാപി അല്ലെങ്കിൽ ലിംഗരൂപനെന്നു പറയുന്നു. എങ്കിൽ ലിംഗത്തിന്റെ കർത്തവ്യം എന്തായിരിക്കും? പരമപിതാ പരമാത്മാവിന്റെ മഹിമയാണ് പതിതപാ

വൻ ജ്ഞാനസാഗരൻ. ഈ പോസ്റ്റർ പുറമെ വെക്കണം. ആര് വന്നാലും അവർക്കത് വായിക്കാൻ സാധിക്കണം. നിങ്ങൾ രാധാ–കൃഷ്ണൻ അഥവാ ലക്ഷ്മി–നാരായണന്റെ ക്ഷേത്രത്തിൽ പോയി മനസ്സിലാക്കി കൊടുക്കണം. നമ്മുടെ ലക്ഷ്മി–നാരായണന്റെ ചിത്രം വളരെ നല്ലതാണ്, ഇതിനെക്കുറിച്ച് മനസ്സിലാക്കി കൊടുക്കണം. ലക്ഷ്മി–നാരായണന്റെ ക്ഷേത്രത്തിലുള്ളവർ പ്രത്യേകിച്ചും ഗീത വായിക്കുന്നുണ്ടാകും. തന്റെ ഉന്നതിയ്ക്കായുള്ള പുരുഷാർത്ഥം ചെയ്യണം. ബാബയിൽ നിന്നും ഉയർന്ന സമ്പത്ത് നേടാനുള്ള താൽപര്യമുണ്ടായിരിക്കണം. തന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്യണം. ശിവബാബ സർവ്വരുടെയും മംഗളകാരിയാണ്. നിങ്ങൾക്കും മംഗളകാരിയാകണം. ബാബ പറയുന്നു ഞാനൊരിക്കലും അമംഗളം ചെയ്യില്ല. രാവണനാണ് അമംഗളകാരി എന്നാൽ ഇത് മനുഷ്യർക്ക് അറിയില്ല. നിങ്ങൾ പോയി മനസ്സിലാക്കി കൊടുക്കണം. കാർമേഘം നിറച്ച് പോയി മഴ പെയ്യണം. ഇതിനൊക്കെ എത്രയും താൽപര്യമുണ്ടായിരിക്കണം. അഥവാ ദാനം ചെയ്യുന്നില്ലെങ്കിൽ സ്വന്തം മംഗളം ചെയ്തില്ലെന്ന് തീർച്ചയായും ബാബ പറയും. അങ്ങനെയെങ്കിൽ മറ്റുള്ളവരുടെയും നന്മ ചെയ്യാൻ സാധിക്കില്ല. സെന്ററുകളിൽ ചില നല്ല–നല്ല ആളുകൾ വരാറുണ്ട്. പക്ഷേ മറ്റുള്ളവരുടെ മംഗളത്തിന്റെ സേവനം ചെയ്യുന്നില്ല. കേൾക്കുന്നുണ്ടെങ്കിലും പിന്നീട് ജോലിയിൽപ്പെട്ട് ക്ഷീണിച്ച് വീട്ടിലേക്ക് പോയാൽ കഴിഞ്ഞു. ദാനം ചെയ്യുന്നില്ലെങ്കിൽ അവർ ബ്രാഹ്മണനല്ല. നമുക്ക് ദേവതയാകണമെന്ന് ബ്രാഹ്മണനറിയാം. ഓരോരുത്തരും തന്റെ ഉള്ള് കൊണ്ട് സംസാരിക്കണം. അഥവാ ആരെയെങ്കിലും ദേവതയാക്കുന്നില്ലെങ്കിൽ എങ്ങനെ ബ്രാഹ്മണനാകാനാണ്? ശിവബാബ പറയുന്നു, ഞാൻ മംഗളകാരിയാണ്. നിങ്ങൾക്കും മംഗളകാരിയാകണം. ആരിലാണോ ധാരണയില്ലാത്തത് അവർക്ക് സ്ഥൂലമായ സേവനം നൽകണം. ഇവിടെ കുട്ടികൾ വരുന്നു– അവരുടെ സേവനം ചെയ്തുവരുന്നു. സേവന കേന്ദ്രങ്ങളിലെ കുട്ടികൾക്ക് അവനവനോട് ചോദിക്കണം, നമ്മൾ എത്ര പേരുടെ മംഗളം ചെയ്തിട്ടുണ്ട്? ധാരാളം പേർ വരുന്നുണ്ടല്ലോ. എന്നാൽ വളരെ കുറച്ചു പേർ മാത്രമേ സേവനം ചെയ്യുന്നുള്ളൂ. ബാക്കിയുള്ളവർ ജോലിയിൽ മുഴുകുന്നു. കേവലം പവിത്രമായിരിക്കണമെന്നു മനസ്സിലാക്കുന്നു. പക്ഷേ ജ്ഞാന ധനവും ദാനം ചെയ്യണമല്ലോ. അവനവനോട് ചോദിക്കണം അഥവാ ആരുടെയെങ്കിലും മംഗളം ചെയ്യുന്നില്ലെങ്കിൽ എന്ത് പദവി നേടാനാണ്? വളരെയധികം കുട്ടികൾ മംഗളം ചെയ്ത് വഴികാട്ടിയായി വരുന്നുണ്ട്, എന്നാൽ അതിലും നമ്പർവൈസാണ്. ചിലർ ഫസ്റ്റ് ക്ലാസ്സ്, ചിലർ സെക്കന്റ്, തേർഡ് എന്നിങ്ങനെ. ആരാണോ തന്റെ മംഗളം ചെയ്യാത്തത്, അവർ എന്ത് പദവി നേടുന്നു! ചില സേവാകേന്ദ്രങ്ങളിലെ പല കുട്ടികളും സേവനം ചെയ്യാത്തവരുമുണ്ട്. പോയി ദാനം ചെയ്യാനുള്ള ശക്തിയില്ല. അതിരാവിലെ ക്ഷേത്രങ്ങളിൽ ധാരാളം പേർ പോകുന്നുണ്ട്. അവിടേക്ക് പോയി അതിൽ ദേവതാധർമ്മത്തിലുള്ളവർ ആരാണെന്ന് കണ്ടെത്തണം.

ഇപ്പോൾ ബാബ പറയുന്നു, ഞാൻ ഈ ശരീരത്തിലേക്കാണ് വന്നിരിക്കുന്നത്, സാധാരണ രീതിയിൽ ചെറിയ ശരീരത്തിലേക്കാണ് ആത്മാവ് പ്രവേശിക്കുന്നത്. പ്രേതത്തിന്റെ നിഴൽ പോലെ വരുന്നു, ഇതും ഒരു അത്ഭുതം തന്നെയാണ്. എങ്ങിനെ ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു, ഇതെല്ലാം ആരറിയാനാണ്! ഡ്രാമയിൽ ആത്മാവിന് ശരീരം ലഭിക്കാത്തതു കാരണമാണ് അലയുന്നത്. അത് നിഴലിന്റെ രൂപമാണ് എടുക്കുക. പ്രേതത്തിന് നിഴലുണ്ടാകില്ല. വരും അപ്പോൾ തന്നെ അപ്രത്യക്ഷമാകുന്നു. ഈ കാര്യങ്ങളൊന്നും തന്നെ നമുക്ക് അറിയേണ്ടതായ ആവശ്യമില്ല. ഇതിന്റെ അന്വേഷണത്തിനായി പോയാൽ പിന്നെ ശിവബാബയെ മറന്നു പോകുന്നു. ബാബയുടെ ആജ്ഞയാണ് നിരാകാരനെ ഓർമ്മിക്കൂ. തന്റെയും മറ്റുള്ളവരുടെയും ദേഹത്തെ മറക്കണം. ശിവബാബ എല്ലാവരുടെയും സ്നേഹിയാണ്. ബാബ പറയുന്നു, മറ്റൊരു കാര്യത്തിലേക്കും പോകാതെ എന്നെ മാത്രം ഓർമ്മിക്കണം. ഇത് ഓർമ്മയുടെ യാത്രയാണ്. ഇതിനെത്തന്നെയാണ് മന്മനാഭവ എന്ന് പറയുന്നത്. കൃഷ്ണനൊരിക്കലും ഇങ്ങനെ പറയാൻ സാധിക്കില്ല. കൃഷ്ണനെ വഴികാട്ടി എന്നൊരിക്കലും പറയില്ല. നിരാകാരനാണ് വഴികാട്ടിയായി സർവ്വാത്മാക്കളെയും കൊതുകു കൂട്ടത്തെപ്പോലെ കൊണ്ടു പോകുന്നത്. കൃഷ്ണനൊരിക്കലും ആത്മാക്കളുടെ വഴികാട്ടിയാകാൻ സാധിക്കില്ല. കൃഷ്ണന് തീർച്ചയായും പുനർജന്മത്തിലേക്ക് വരണം. അപ്പോൾ എല്ലാവർക്കും ബാബയുടെ പരിചയം നൽകണം. ഭക്തരുടെ ഭഗവാൻ ഒന്നാണ്. ബാബ പറയുന്നു, എന്നെ മാത്രം ഓർമ്മിക്കൂ എന്നാൽ വികർമ്മം വിനാശമാകും. കുട്ടികൾക്ക് സേവനത്തിനോട് താൽപ്പര്യം കാണിക്കണം.
കുട്ടികൾ മധുബനിലേക്ക് വരുന്നത് മുരളി കേൾക്കാനാണ്, അപ്പോൾ തീർച്ചയായും കേൾപ്പിക്കേണ്ട ആൾ വേണമല്ലോ. ബാബ എവിടേക്ക് പോയാലും സേവനം തന്നെയാണ് ചെയ്യുന്നത്. സേവനത്തോട് താൽപ്പര്യമുണ്ട്. കുട്ടികൾ ബാബയെ ഓർമ്മിക്കുന്നു. കുട്ടികൾ സന്മുഖത്ത് മുരളി കേട്ട് സന്തോഷിക്കുന്നു. മുരളിയിലെ ഒരു വരി തന്നെ പത്തു കാര്യത്തെ തെളിയിക്കുന്നു. വലിയ വലിയ സഭയിലേക്കൊന്നും ബാബയ്ക്ക് പോകാൻ സാധിക്കില്ല. അവിടേക്ക് പോകുക എന്നത് കുട്ടികളുടെ കടമയാണ്. കുട്ടികളോടാണ് അവർ ചോദ്യോത്തരങ്ങൾ ചെയ്യുക. ബാബയുടെ മുന്നിലേക്ക് സന്യാസിമാരൊന്നും തന്നെ വരികയില്ല. അവർക്ക് വേണ്ടത് അംഗീകാരമാണ്. ബാബയുടെ പാർട്ട് അത്ഭുതമാണ്. കഴിഞ്ഞുപോയതിനെ

യാണ് ഡ്രാമ എന്നു പറയുന്നത്. ഇനി മുന്നോട്ടു പോകവേ ധാരാളം കുട്ടികൾ മിലനത്തിനായി വരുന്നു. ആദ്യം കുട്ടികൾ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണം. ഗോപ-ഗോപികമാർക്ക് തന്നെ ഓരോ വീടുകളിലും പോയി പരിചയം നൽകണം. പരിചയം ലഭിക്കാത്ത ആരും അവശേഷിക്കരുത്, ആരും തന്നെ അറിഞ്ഞില്ലെന്ന് പരാതിപ്പെടരുത്. വിളംബരം മുഴക്കി എല്ലാവരെയും അറിയിക്കുവാൻ ഇന്ന് രാജാ -റാണിമാരില്ലല്ലോ. പുതിയ ഏതെങ്കിലും വിദ്യ കണ്ടു പിടിച്ചിട്ടുണ്ടെങ്കിൽ, അത് ഗവൺമെന്റിന് കാണിച്ചു കൊടുത്ത് അതിന്റെ വൃദ്ധിയുണ്ടാക്കുന്നു. ഇവിടെയാണെങ്കിൽ പ്രജകൾ പ്രജകളെത്തന്നെയാണ് ഭരിച്ചു കൊണ്ടിരിക്കുന്നത്. കുട്ടികളാണ് എല്ലാവരെയും ക്ഷണിക്കേണ്ടത്, അതിനായാണ് ഈ ചിത്രങ്ങളെല്ലാം അച്ചടിച്ചു കൊണ്ടിരിക്കുന്നത്. ഈ ചിത്രങ്ങളെല്ലാം തന്നെ പുറമേയും പോകുന്നു. കുട്ടികൾക്ക് ഇതിനായി പ്രയത്നിക്കണം. ആർക്ക് ഏതെല്ലാം ഭാഷകൾ അറിയുമോ, ആ ഭാഷയിൽ മനസ്സിലാക്കി കൊടുക്കണം. അനേക ഭാഷകളുണ്ടല്ലോ. ബാബ നിർദ്ദേശം നൽകുന്നു - പൂനെയുടെയും ബാംഗ്ലൂരിന്റെയും ഭാഗത്ത് സേവനം ധാരാളം വർദ്ധിപ്പിക്കണം. എല്ലാവർക്കും മനസ്സിലാകണം എല്ലാ ഭാഷകളിലും നോട്ടീസ് അച്ചടിക്കണം. ഇതിന് പരിധിയില്ലാത്ത ബുദ്ധി ആവശ്യമാണ്. അല്ലാതെ സേവനത്തിനായി ഒരിക്കലും ജോലി ഉപേക്ഷിക്കണമെന്ന് പറയരുത്. ജോലിയും ഉപേക്ഷിച്ച് പിന്നീട് ഈ സേവനവും ചെയ്തില്ലെങ്കിൽ ഭാരം വർദ്ധിക്കുന്നു. സേവനത്തിനായി സ്വഭാവം വളരെയധികം മധുരമായിരിക്കണം. എന്നാൽ ധാരാളം പേരിൽ ക്രോധമുണ്ട്. കണ്ണുരുട്ടുന്നു, അപ്പോൾ പരാതികളും വരുന്നു. നല്ല നല്ല കുട്ടികൾ ബാബയ്ക്ക് എഴുതാറുണ്ട്, ബാബാ ഞങ്ങൾ പറയുന്നത് അനുസരിക്കുന്നില്ല. ബാബയ്ക്ക് ഇങ്ങനെയുള്ള വാക്കുകൾ ഇനി കേൾക്കരുത്. കുട്ടികളിൽ ദേഹാഹങ്കാരവും ക്രോധവുമുണ്ടെങ്കിൽ വളരെയധികം പേർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. ബാബയ്ക്ക് കുട്ടികളെക്കുറിച്ച് ധാരാളം ചിന്തയുണ്ട്. എല്ലാ കുട്ടികളിലും നോട്ടം വെക്കണം. മമ്മയും ഒരു കുട്ടിയായിരുന്നു, എന്നാലും എല്ലാവരും അമ്മ
എന്നു വിളിച്ചിരുന്നു, അവർക്കും ഉത്തരവാദിത്തമുണ്ടായിരുന്നു. ജ്ഞാനത്തിലും ചിലപ്പോൾ മായ പ്രവേശിക്കുന്നു, പിന്നീട് പലരും സംശയബുദ്ധികളാകുന്നു. ഓരോ ചുവടിലും എത്ര വിഘ്നങ്ങളാണുണ്ടാകുന്നത്. ഇന്ന് ബാബയുടെ കുട്ടിയാകുന്നു നാളെ സ്വഭാവം തന്നെ മാറുന്നു. വികാരത്തിനുമേൽ തന്നെ ധാരാളം പ്രശ്നങ്ങളുണ്ടാകുന്നു. വളരെയധികം പേർ ചോദിക്കാറുണ്ട് ഈ പ്രസ്ഥാനത്തിന് എന്തു കൊണ്ടാണ് അപവാദങ്ങളുണ്ടാകുന്നത്? ശാസ്ത്രങ്ങളിൽ കൃഷ്ണനെ എത്രയാണ് ആക്ഷേപിച്ചതെന്ന് മനസ്സിലാക്കുന്നില്ലല്ലോ. ഇന്നവരെ തട്ടിക്കൊണ്ടുപോയി.... എന്നൊക്കെ. കൃഷ്ണന് ഒരിക്കലും അങ്ങനെ ചെയ്യാൻ സാധിക്കില്ല. ഇവിടെയും തട്ടിക്കൊണ്ടു പോയി എന്ന ആക്ഷേപമുണ്ട്. വീട് ഉപേക്ഷിപ്പിക്കുന്നു, എന്തിനാണ് ഉപേക്ഷിപ്പിക്കുന്നത്? അത് ആർക്കും തന്നെ അറിയുന്നില്ല. എന്തുകൊണ്ട് വിഘ്നമുണ്ടാകുന്നു എന്ന് ആദ്യം മനസ്സിലാക്കണം. കാമവികാരമാണ് മുഖ്യമായത്, നിങ്ങൾ ഇതിനുമേൽ വിജയം കൈവരിക്കുന്നു.

ഇത് വളരെ വിചിത്രനായ അച്ഛനാണ്. ബ്രഹ്മാവിലൂടെയാണ് ബ്രാഹ്മണരെ രചിക്കുന്നത്. ആദ്യമാദ്യം ശിവബാബയുടെ പരിചയം നൽകണം. ബാബയിൽ നിന്നുമാണ് സമ്പത്ത് ലഭിക്കേണ്ടത്. ഭാഗ്യത്തിലില്ലെങ്കിൽ മായ മറപ്പിക്കുന്നു. മായയുടെ വിഘ്നങ്ങൾ എത്രയാണുണ്ടാകുന്നത്. പിന്നീട് ധാരണയും ഉണ്ടാകില്ല. ഇതും വിഘ്നം തന്നെയല്ലേ, എന്തുകൊണ്ട് ഇത്ര സഹജമായും സേവനം ചെയ്യാൻ സാധിക്കുന്നില്ല. ഭഗവാൻ ബാബ തന്നെയാണ്. അള്ളാഹുവിനെ ഓർമ്മിക്കണം. ഭഗവാനുവാച- എന്നെ മാത്രം ഓർമ്മിക്കൂ, എന്നാൽ എന്നിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. ഭക്തർ ഓ ഗോഡ്ഫാദറെന്നു വിളിക്കുന്നു. അപ്പോൾ അച്ഛനിൽ നിന്നുമാണ് സമ്പത്ത് ലഭിക്കുന്നത്. സേവനത്തിനോട് താൽപ്പര്യമുണ്ടായിരിക്കണം. ഇല്ലെങ്കിൽ ഉയർന്ന പദവി ലഭിക്കില്ല. സേവനം ധാരാളമുണ്ട്. അവസരങ്ങൾ ധാരാളമുണ്ട്. ഇപ്പോൾ ബാബയുടെ നാമവും ജ്ഞാനവും ഗുപ്തമാണ്. എല്ലാവർക്കും ഈ തിരിച്ചറിവ് നൽകണം. നമുക്ക് ബാബയുടെ ആജ്ഞ ലഭിച്ചിട്ടുണ്ട്. എല്ലാവരെയും ക്ഷണിക്കണം. ഈ കാര്യത്തിലൊന്നും ആരും ക്രോധിക്കുകയില്ല. പോസ്റ്ററുകൾ അച്ചടിച്ചിരിക്കുന്നത് സേവനം ചെയ്യാനാണ്, അല്ലാതെ എടുത്തു വെക്കാനല്ല. ശിവായേ നമ: എന്ന വാക്ക് വളരെ നല്ലതാണ്. ശിവബാബയുടെ പൂർണ്ണപരിചയമാണ്. നിരാകാരനായ ശിവബാബ വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും സമ്പത്ത് നൽകിയിട്ടുണ്ട്. വന്ന് ഈ പതിത ലോകത്തെ പാവനമാക്കിയിട്ടുണ്ട്. ഇങ്ങനെ സ്വയം ചിന്തനം ചെയ്ത് പിന്നീട് പോയി മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണം. ധാരാളം ശിവന്റെ ക്ഷേത്രങ്ങളുണ്ട്, ഗുപ്ത വേഷത്തിൽ പോയി മനസ്സിലാക്കി കൊടുക്കണം. ഈ ശിവൻ ആരാണ്? ശിവബാബയെ നിരാകാരനായ പരമാത്മാവെന്നാണ് പറയുന്നത്. ഇത്രയും ക്ഷേത്രങ്ങളുണ്ടാക്കാൻ ശിവൻ എന്ത് ചെയ്തു? യുക്തിപൂർവ്വം മനസ്സിലാക്കി കൊടുക്കണം. മനസ്സിലാക്കിയാലും ഇല്ലെങ്കിലും അന്തിമ സമയത്ത് അവർ ഓർമ്മിച്ചോളും ആരോ വന്ന് ഞങ്ങൾക്ക് മനസ്സിലാക്കി തന്നിരുന്നു എന്ന്. ശരി.

മധുര മധുരമായ തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാ പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1. തന്റെ മംഗളത്തിനായി സേവനത്തോട് വളരെയേറെ താൽപ്പര്യമുണ്ടാകണം. ക്ഷീണിച്ചിരുന്നു പോകരുത്, തീർച്ചയായും മനുഷ്യനെ ദേവനാക്കാനുള്ള പ്രയത്നം ചെയ്യണം.

2. ആരെങ്കിലും പരാതിപ്പെടുന്ന തരത്തിൽ അല്ലെങ്കിൽ മാതാ പിതാവിന് ചിന്തയുണ്ടാകുന്ന വിധത്തിലുള്ള ഏതൊരു കർമ്മവും ചെയ്യരുത്. ഏതൊരു അവസ്ഥയിലും വിഘ്നരൂപമാകരുത്.

## വരദാനം -മര്യാദയുടെ രേഖയ്ക്കുള്ളിൽ സദാ കുടത്തണലിന്റെ അനുഭൂതി ചെയ്യുന്ന മായാജീത്ത്, വിജയിയായി ഭവിക്കട്ടെ.

ബാബയുടെ ഓർമ്മ തന്നെയാണ് കുടത്തണൽ. എത്രത്തോളം ഓർമയിൽ കഴിയുന്നുവോ അത്രയും കൂട്ടിന്റെ അനുഭവമുണ്ടാകുന്നു. കുടത്തണലിൽ കഴിയുക എന്നാൽ സദാ സുരക്ഷിതമായിരിക്കുക. ആര് സങ്കൽപത്തിലെങ്കിലും കുടത്തണലിൽ നിന്ന് പുറത്തുകടക്കുന്നു അവർക്കു മേൽ മായയുടെ വിഘ്നമുണ്ടാകുന്നു. കുടത്തണലിനു കീഴെ മര്യാദയുടെ രേഖയ്ക്കുള്ളിൽ കഴിയുന്നതിലൂടെ ഒന്നിനും ധൈര്യമുണ്ടാകുന്നില്ല അകത്തു വരുവാൻ. എന്നാൽ അഥവാ രേഖയുടെ വെളിയിൽ കടന്നുവെങ്കിൽ മായ തന്നെയാണ് സമർത്ഥൻ. അതിനാൽ കൂട്ടിന്റെ അനുഭവത്താൽ മായാജീത്താകൂ.

## സ്ലോഗൻ - അശരീരിയാകുവാനുള്ള അഭ്യാസം തന്നെയാണ് സമാപ്തിയുടെ സമയത്തെ സമീപത്ത് കൊണ്ടുവരുന്നതിന് ആധാരം.